**20U448** (Pages: 2) Name: …..……………………

Reg. No: ……………………..

**FOURTH SEMESTER B.A./B.Sc./B.S.W. DEGREE EXAMINATION, APRIL 2022**

(CBCSS-UG)

(Regular/Supplementary/Improvement)

**CC19U MAL4 A10 – മലയാളസാഹിത്യം - IV**

(Malayalam - Common Course)

(2019 Admission onwards)

Time: 2.5 Hours Maximum: 80 Marks

Credit: 4

സെക്ഷൻ-എ

I. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. 2 മാർക്ക് വീതമുള്ള 15 ചോദ്യങ്ങൾ. (പരമാവധി 25 മാർക്ക് )

1. സങ്കേതനം എന്നാൽ എന്ത്?
2. "കള്ളിനോടുള്ള പ്രതിപത്തി നാം കൈവിടുക തന്നെ വേണം" എന്ന് ലേഖകൻ പറയുന്നതെന്തുകൊണ്ട്?
3. തീറ്റയുടെ ജനാധിപത്യം എന്നത് ഏത് തരം തിരിച്ചറിവാണ്?
4. കടമ്മനിട്ടയുടെ 'ചാക്കാല' ഏത് നാട്യത്തിന്റെ അനാവരണമാണ് എന്നാണ് എം.എൻ.കാരശ്ശേരി പറയുന്നത്?
5. കോളേജ് ക്ലാസ്സുകളിൽ സാഹിത്യം നിർബന്ധിത പഠന വിഷയമാക്കണം എന്ന വാദത്തിനു പിന്നിലുള്ള കാരണങ്ങൾ എന്തെല്ലാം?
6. സുഹ്റയുടെ ‘ചെറുക്കാ’ എന്ന വിളിയിൽ അടങ്ങിയിരിക്കുന്ന ഭാവങ്ങളെന്തെല്ലാം?
7. “മായാവികളെപ്പോലെ ലോകം നിനക്ക് വ്യാജസൂചനകൾ നൽകി”-സൂചിതമെന്ത്?
8. ബ്രാജ്പാൽ മാസ്റ്ററുടെ വീട്ടിൽ കണക്ക് പഠിക്കാൻ എത്തിയ എഴുത്തുകാരന് ഉണ്ടായ അനുഭവങ്ങൾ എന്തെല്ലാം?
9. ആദം നബി ഉത്പാദകനായത് എങ്ങനെ?
10. നാടൻ വ്യക്തിനാമപഠനത്തിന് പ്രവേശനമുള്ള വൈജ്ഞാനികമണ്ഡലങ്ങൾ ഏതൊക്കെയാണ്?
11. മരുത്വാമലയിലെ ഏകാന്തവാസത്തിനുശേഷം നാരായണഗുരു മനുഷ്യർക്കിടയിലേക്ക് ഇറങ്ങി വാരാനുണ്ടായ സാഹചര്യമെന്ത്?

12. സ്വതന്ത്രവിവർത്തനം എന്നാൽ എന്ത്?
13. വയനാട്ടിൽ പോയത് ശങ്കുണ്ണിയമ്മാന്റെ കഷ്ടകാലത്തിനായിരുന്നു എന്ന് പറയാനുള്ള കാരണമെന്ത്?
14. "പട്ടിണിയാച്ചാലും ഗോപിയുടെ അഹമ്മേതിക്കും കുറുമ്പിനും ഒരു കുറവൂല്യ"വലിയമ്മ ഇങ്ങനെ പറയാനിടയായ സാഹചര്യമെന്ത്?
15. കുട്ടമ്മാമന്റെ തറവാട്ടിൽ ഉണ്ടായ രണ്ട് ആഘാതങ്ങൾ എന്തെല്ലാം?

**(Ceiling: 25 Marks)**

## സെക്ഷൻ-ബി

II. ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. അഞ്ചു മാർക്ക് വീതമുള്ള 8 ചോദ്യങ്ങൾ. (പരമാവധി 35 മാർക്ക്)

16. ആശയവിനിമയ മാതൃകയെയും അതിലെ ഘടകങ്ങളെയും പരിചയപ്പെടുത്തുക
17. ബാല്യകാലസഖിയുടെ വിവർത്തനം അപര്യാപ്തമാണെന്ന് തെളിയിക്കാൻ കെ.പി ശങ്കരൻ ഉപയോഗിക്കുന്ന ഉദാഹരണത്തിന്റെ സാധുത പരിശോധിക്കുക.
18. സൂഫിസത്തിന്റെ സ്വഭാവ സവിശേഷതകൾ മുൻനിർത്തി വ്യാജസൂചനകൾ എന്ന കവിതയെ അപഗ്രഥിക്കുക.
19. കേരളീയരുടെ അമിതമദ്യപാനശീലത്തിന് കാരണമായ ആത്മവഞ്ചനാസ്വഭാവം എന്ത്?വിശദമാക്കുക.
20. മനുഷ്യരെല്ലാം സഹോദരർ എന്ന ചിന്തയിലേക്ക് ശ്രീനാരായണഗുരുവിനെ എത്തിച്ച അനുഭവങ്ങൾ എന്തെല്ലാം?
21. ഗോപിയും അമ്മയും അധികാരി നമ്പൂതിരിയെ കാണാനുണ്ടായ സാഹചര്യവും അവിടെ ചെന്നപ്പോഴുണ്ടായ അവസ്ഥയും ചുരുക്കി വിവരിക്കുക.
22. “ഇങ്ങനെയാണ് സ്വാതന്ത്ര്യത്തിന്റെയും ഉത്പത്തി”-എങ്ങനെ? വിശദമാക്കുക
23. വ്യക്തിനാമങ്ങളുടെ നിഷ്പാദപശ്ചാത്തലം വ്യക്തമാക്കുക.

**(Ceiling: 35 Marks)**

## സെക്ഷൻ-സി

III. ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് മൂന്നു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

24. ദലിത് അനുഭവങ്ങളുടെ നേർക്കാഴ്ചയാണ് 'എച്ചിൽ' - വിശകലനം ചെയ്യുക.

25. പത്രഭാഷയിൽ നിലനിൽക്കുന്ന വിവിധ തരത്തിലുള്ള വ്യുത്പാസ്ഥൂലതകളെ ഉദാഹരണസഹിതം വിശദമാക്കുക.

26. നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ കുറവുകൾ നികത്തുന്നതിൽ മാതൃഭാഷാപഠനത്തിനുള്ള പ്രസക്തി നിർദ്ധാരണം ചെയ്യുക.

27. വിശപ്പിന്റെ തീക്ഷ്ണതയും ഒറ്റപ്പെടലിന്റെ ദൈന്യവുമാണ് അനുഭവങ്ങളിലെ കേന്ദ്രപ്രമേയം - പരിശോധിക്കുക.

**(2 × 10 = 20 Marks)**

*******